LIBRARY ARCHIVES Kerala Legislative Assembly

മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ കുടിവെള്ള വിതരണം ലഭ്യമാക്കുന്നതിന് നടപടി

292 [2349] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേലാറന്നൂർ ഗവൺമെന്റ് ക്വാർട്ടേഴ്സിൽ രാവിലെയും വൈകുന്നേരവും 15 മിനിട്ട് വീതം മാത്രമാണ് കുടിവെള്ള വിതരണം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുഴുവൻ സമയവും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ഈ ക്വാർട്ടേഴ്സിലേക്ക് കുടിവെള്ളം എത്തിക്കുന്ന കുഴലുകൾ തുരുമ്പിച്ചതും അതുപോലെ തന്നെ വാൽവുകൾ പൊട്ടിയ അവസ്ഥയിലാണെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിന് ഒരു ഓവർഹെഡ് ടാങ്ക് പണിയുന്നതിനും പുതിയ കുഴലുകൾ സ്ഥാപിക്കുന്നതിനും ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) ക്വാർട്ടേഴ്സ് സമുച്ചയത്തിലേക്കുള്ള കുടിവെള്ള ലഭ്യത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി പുതിയ ലൈൻ ഇടുന്ന കാര്യം പരിഗണനയിലാണ്.

(സി) പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

വ്യാപാരികളെ പുനരധിവസിപ്പിക്കാൻ നടപടി

293 [2350] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ എരഞ്ഞിപ്പാലം ജംഗ്ഷൻ വീതികൂട്ടുമ്പോൾ അവിടെ വർഷങ്ങളായി കച്ചവടം ചെയ്തുവരുന്ന വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വ്യാപാരികളെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ജില്ലാ കളക്ടർ പദ്ധതികൾ തയ്യാറാക്കിവരുന്നു.